## പതിനാലാം കേരളനിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## ആറാമത് റിപ്പോർട്ട്

[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008) യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

(2018 മാർച്ച് 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

# പതിനാലാം കേരളനിയമസഭ

## സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി

## (2016-2019)

ആറാമത് റിപ്പോർട്ട്

**[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008) യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

(2018 മാർച്ച് 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

642/2018.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷ:</u>

ശ്രീമതി പി. അയിഷാ പോറ്റി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഇ. വിൽമറ്റ് ജോൺ, അണ്ടർ സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി സമിതി (2006-2008) യുടെ രണ്ടാമത് റിപ്പോർട്ട് 29-6-2007-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് 15-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി. അയിഷാ പോറ്റി,**
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 21.

# റിപ്പോർട്ട്

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ നടന്ന ശിശുമരണങ്ങളെ സംബന്ധിച്ച വാർത്തകൾ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽ വരികയുണ്ടായി. അതിന് കാരണമായ സംഗതികൾ നേരിട്ട് മനസ്സിലാക്കുന്നതിനും ഭാവിയിൽ അവ പരിഹരിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് ചർച്ച നടത്തുന്നതിനും 2007 മേയ് മാസം 10-ാം തീയതി സമിതി എസ്.എ.ടി. ആശുപത്രി സന്ദർശിക്കുകയും, ആശുപത്രി സൂപ്രണ്ടുമായും സീനിയർ ഡോക്ടർമാരുമായും വിശദമായ ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞതും സന്ദർശന വേളയിൽ സമിതി നേരിട്ട് മനസ്സിലാക്കിയതുമായ വസ്തുതകളും എസ്.എ.ടി. ആശുപത്രിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി സമിതി (2006-2008)-യുടെ രണ്ടാമത് റിപ്പോർട്ട് 29-6-2007-ൽ സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 13 ശിപാർശയിന്മേലും തുടർനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 5-9-2007-ൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് അയച്ചുകൊടുത്തിരുന്നു. സമിതിയുടെ പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ടി റിപ്പോർട്ട്.

| ക്രമ നം. | ഖണ്ഡിക നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | ആശുപത്രിയിലെ പ്രവർത്തനം സംബന്ധമായുണ്ടാകുന്ന മാലിന്യം കെട്ടിക്കിടക്കാതെ അപ്പപ്പോൾ നിർമ്മാർജ്ജനം ചെയ്യേണ്ടത് ആശുപത്രിയുടെയും പരിസരത്തിന്റെയും ശുചിത്വത്തിന് അത്യന്താപേക്ഷിതമാണ്. ഇത് ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് ആശുപത്രി അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ് (7-9-2009-ലെ 43332/എം3/2008/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ 2007 ജൂൺ മാസം മുതൽ ആശുപത്രി ശുചിത്വം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒരു പ്രത്യേക സംഘം ഹൗസ് കീപ്പിംഗ് കമ്മിറ്റിയായി നിയമിക്കപ്പെട്ടു. ആശുപത്രി ശുചിത്വം ഉറപ്പ് വരുത്തുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | വേണ്ട നടപടികൾ നിത്യേന ഇവരുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. **(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 2 | 2 | മാലിന്യ നിർമ്മാർജ്ജനം ഉറപ്പു വരുത്തുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കാനും ഒരു താൽക്കാലിക സംവിധാന മെന്ന നിലയിൽ സ്ത്രീക്ഷേമ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വോളന്ററി സംഘങ്ങളിൽ നിന്നും ആവശ്യാനുസരണം ശുചീകരണ ജോലിക്കാരെ നിയമിക്കാനുമുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** **(26-11-2013-ലെ 36214/എഫ്2/2013/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** എസ്.എ.റ്റി. ആശുപത്രിയിൽ മാലിന്യ സംസ്കരണം ഉറവിടത്തിൽത്തന്നെ സാധ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെ മാലിന്യം തരംതിരിച്ച്, പ്ലാസ്റ്റിക് പോലുള്ളവ നഗരസഭയുടെകീഴിൽ സംസ്കരണത്തിനായി കൊണ്ടുപോകുകയും ഭക്ഷണാവശിഷ്ടങ്ങൾ വലിയ കുഴികൾ ഉണ്ടാക്കി അതിൽ കുഴിച്ചു മൂടുകയും ചെയ്യുന്നു. ഇൻസിനറേറ്ററിന്റെ പ്രവർത്തനം ഇല്ലാത്തപ്പോൾ ചപ്പു ചവറുകൾ കത്തിച്ചു കളയുകയാണ് പതിവ്. മാലിന്യനിർമ്മാർജ്ജനത്തിന് ആവശ്യമായ ജീവനക്കാരെ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഓഫീസ് മുഖേന നിയമിച്ചിട്ടുണ്ട്. **(30-12-2014-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 3. | 3 | രോഗികൾക്ക് കൂട്ടിരിപ്പുകാരായി വരുന്നവരുടെ ആധിക്യവും ആശുപത്രിയും, പരിസരവും മലിനമാക്കുന്നതിന് കാരണമാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള സന്ദർശന | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** **(7-9-2009-ലെ 43332/എം3/2008/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** |

| | | | |
|---|---|---|---|
| | | നിയന്ത്രണവും ശുചീകരണത്തിന് ഇപ്പോൾ പ്രദർശിപ്പിക്കുന്ന ശുഷ്കാന്തിയും മേൽനോട്ടവും പ്രശംസനീയമാണ്. ഇത് വീഴ്ച വരുത്താതെ തുടർന്നുകൊണ്ട് പോകുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം എന്ന് സമിതി അഭിപ്രായപ്പെടുന്നു. | ആശുപത്രിയിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം ഇന്നും കർശനമായി പാലിക്കപ്പെടുന്നു. ഇതു തുടർന്നുകൊണ്ടുപോകാൻ ആശുപത്രി അധികൃതർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>**(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 4 | 4 | എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ആശുപത്രി ശുചിത്വം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും അവലോകനം ചെയ്യേണ്ടതും അവലോകന വിവരങ്ങളും സ്വീകരിച്ച തുടർനടപടികളും രേഖപ്പെടുത്തേണ്ടതും ആയത് ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.<br>പ്രത്യേകിച്ചും ലേബർ റൂം നന്നായി ശുചീകരിക്കണം എന്നും അണുബാധ ഇല്ല എന്നും ഓരോ ദിവസവും ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>**(7-9-2009-ലെ 43332/എം3/2008/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>നവജാതശിശുക്കളിൽ ഉണ്ടാകുന്ന അണുബാധ അവലോകനം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകാനായി എസ്.എ. റ്റി. ആശുപത്രിയിൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി മൈക്രോബയോളജി പ്രൊഫസറുടെ നേതൃത്വത്തിൽ എല്ലാ മാസവും യോഗം ചേർന്ന് വേണ്ട ഉപദേശങ്ങൾ നൽകുന്നു. ഇതുപോലെ ലേബർ റൂമിന്റെയും എമർജൻസി തീയറ്ററിന്റെയും ശുചിത്വവും അണുവിമുക്തതയും ഉറപ്പ് വരുത്താൻ പ്രത്യേക ഇൻഫെക്ഷൻ കമ്മിറ്റി നിലവിലുണ്ട്. ലേബർറൂം, ന്യൂബോൺ നഴ്സറി എന്നിവയുടെ ശുചീകരണം ഏറ്റവും ഭംഗിയായി നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായി ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ട്.<br>**(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |

| | | | |
|---|---|---|---|
| 5 | 5 | എസ്.എ.റ്റി. ആശുപത്രിയിൽ എത്തുന്ന രോഗികളുടെയും ഗർഭിണികളുടെയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. തിരുവനന്തപുരം നഗരത്തിൽത്തന്നെ പേരൂർക്കട ജില്ലാ ആശുപത്രി, ഫോർട്ട് ആശുപത്രി, നേമം ആശുപത്രി എന്നിവിടങ്ങളിൽ സ്ത്രീകളുടെ വിഭാഗം ശോചനീയാവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്താൽത്തന്നെ എസ്.എ.റ്റി.യിലെ തിരക്ക് വളരെയധികം കുറയ്ക്കാൻ സാധിക്കും. ഈ ആശുപത്രികൾ സുസജ്ജമാക്കി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>**(7-9-2009-ലെ 43332/എം3/2008/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 617/2008/ആകവ. തീയതി 30-12-2008 പ്രകാരം പേരൂർക്കട ആശുപത്രി മറ്റ് ഭൗതിക സൗകര്യങ്ങളോടുകൂടി വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും തത്വത്തിൽ ജില്ല മോഡൽ ആശുപത്രിയായി അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.<br>ഗവൺമെന്റ് ഫോർട്ട് ആശുപത്രിയിൽ സ്ത്രീകളുടെയും, കുട്ടികളുടെയും വിഭാഗം വളരെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ തിരുവനന്തപുരം കോർപ്പറേഷൻ മുഖേന ഇരുപത്തിയഞ്ചു ലക്ഷം രൂപ ചെലവഴിച്ച് ഓപ്പറേഷൻ തിയേറ്ററും ഒ.പി. ബ്ലോക്കും മെയിന്റനൻസ് നടത്തുകയും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന ഓപ്പറേഷൻ തിയേറ്ററിന് വേണ്ട വിലയേറിയ ഉപകരണങ്ങൾ വാങ്ങിക്കുകയും ഗൈനക്കോളജിസ്റ്റ്, പീഡിയാട്രിഷ്യൻ, സർജൻ, സ്റ്റാഫ് നഴ്സ് തുടങ്ങിയവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. എല്ലാ ദിവസവും 24 മണിക്കൂറും അടിയന്തര "ഒബ്സ്റ്റട്രിക്" സേവനം രണ്ട് ഗൈനക്കോളജിസ്റ്റുകളുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഗർഭിണികളുടെ പരിചരണം, സാധാരണ |

| | | | |
|---|---|---|---|
| | | | പ്രസവം, സിസേറിയൻ, പ്രസവം നിർത്തൽ ശസ്ത്രക്രിയ എന്നിവ ഇവിടെ നടത്തുന്നുണ്ട്. ഇവിടെ കുട്ടികളുടെ വിഭാഗത്തിൽ രണ്ടു ശിശുരോഗ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഒ.പി. ഐ.പി. വിഭാഗങ്ങളും ആഴ്ചയിൽ രണ്ടുദിവസം പ്രതിരോധ ക്ലിനിക്കും, ഫീൽഡ് ഇമ്മ്യൂണൈസേഷനും നടത്തുന്നുണ്ട്.<br><br>നേമം ഗവൺമെന്റ് ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള ഒരു പ്രപ്പോസൽ ആശുപത്രി അധികൃതർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രപ്പോസൽ അംഗീകരിക്കുന്നതോടെ എസ്.എ.റ്റി. ആശുപത്രിയിലെ രോഗികളുടെ തിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. നേമം ആശുപത്രിക്ക് 61 കിടക്കകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതി കാരണം 42 കിടക്കകൾ മാത്രമേ നിലവിലുള്ളൂ. സർക്കാർ ഉത്തരവ് (എംഎസ്.) 568/2008/ആ.ക.വ. തീയതി 6-11-2008 പ്രകാരം നേമം ആശുപ്രത്രിയെ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.<br><br>**(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 6 | 6 | വളരെയധികം വിസ്തൃതമായ കാമ്പസ് ഉള്ള ജനറൽ ആശുപത്രിയിൽ കൂടി സ്ത്രീകളുടെയും കുട്ടികളുടെയും ഒരു വിഭാഗം | **ആരോഗ്യകുടുംബക്ഷേമ വകുപ്പ് (7-9-2009-ലെ 43332/എം3/2008/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** |

| | | | |
|---|---|---|---|
| | | കൂടി അനുവദിച്ച് പ്രവർത്തനം ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ലേബർറൂം, വാർഡ് എന്നിവ ഉൾപ്പെടുത്തി സൗകര്യങ്ങളോടുകൂടിയ ഒരു പുതിയ കെട്ടിടം പണികഴിപ്പിച്ചാൽ മാത്രമേ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഒരു വിഭാഗംകൂടി അനുവദിച്ച് പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്ന എസ്.എ. റ്റി. ആശുപത്രി തൈക്കാട് ഡബ്ല്യൂ & സി ആശുപത്രി എന്നീ രണ്ട് വലിയ ആശുപത്രികൾ 3 കിലോമീറ്റർ ചുറ്റുവട്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ ജനറൽ ആശുപത്രിയിൽ ഇന്നത്തെ നിലയ്ക്ക് ഗൈനിക് വിഭാഗംകൂടി ചേർക്കുന്നത് ഉചിതം അല്ല.<br>**(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 7 | 7 | നേമത്തെ സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ 2005-ൽ 30 ലക്ഷം രൂപ തിരുവനന്തപുരം കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നതായി സമിതി മനസിലാക്കുന്നു. എന്നാൽ ഇതുവരെയും ഈ തുകയിൽ നിന്നും ഒരു രൂപ പോലും ആശുപത്രി വികസനത്തിനായി ചെലവാക്കിയിട്ടില്ല എന്നും അറിയുന്നു. ഇതേ രീതിയിൽ തന്നെ മറ്റു ചില ആശുപത്രി | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>**(7-9-2009-ലെ 43332/എം3/2008/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>നേമം സർക്കാർ ആശുപത്രിക്ക് 61 കിടക്കകളോടുകൂടി ആരംഭിക്കുന്നതിന് കെട്ടിടങ്ങളുടെ അഭാവം ഉള്ളതിനാൽ ബഹു. ശ്രീ. ശക്തൻനാടാർ എം.എൽ.എ. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷനിൽ നിന്നും അനുവദിച്ച 30 ലക്ഷം രൂപ തിരുവനന്തപുരം കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ടി തുക |

| | | | |
|---|---|---|---|
| | | കളുടെയും വികസനത്തിനായി ലഭിച്ച തുകകൾ വിനിയോഗിക്കപ്പെടാതെയിരിക്കുന്ന ഒരു സ്ഥിതി വിശേഷം നിലനിൽക്കുന്നു. ഇത് അക്ഷന്തവ്യമായ ഒരു അലംഭാവമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ ആശുപത്രികൾക്ക് വിവിധ ഏജൻസികളിൽ നിന്നും സഹായമായി ലഭിക്കുന്ന തുക പ്രസ്തുത ആവശ്യത്തിനായി സമയബന്ധിതമായി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. | ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചാൽ മാത്രമേ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിക്കുകയുള്ളൂ. കോർപ്പറേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കോർപ്പറേഷനുമായി ബന്ധപ്പെട്ട് ആയതിനുള്ള നടപടികൾ ഉടൻതന്നെ ആരംഭിക്കുമെന്ന വിവരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.<br><br>**പ്രസ്തുത റിപ്പോർട്ട് 11-8-2010-ലെ സമിതി യോഗം പരിഗണിക്കുകയും നേമം സർക്കാർ ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2005-ൽ 30 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായാൻ തീരുമാനിക്കുകയും ചെയ്തു.** |
| | | | **5-8-2011-ലെ 46690/എം3/2010/ആകവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്**<br><br>നേമം, ശാന്തിവിള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2005-ൽ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷനിൽ നിന്നും തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച മുപ്പത് ലക്ഷം രൂപയും, കോർപ്പറേഷന്റെ ഫണ്ടും |

| | | | |
|---|---|---|---|
| | | | ചേർത്ത് ഇപ്പോൾ ടി ആശുപത്രിയിൽ ഒരു ഇരുനില കെട്ടിടം, ഏകദേശം 4000 സ്ക്വയർ മീറ്ററിൽ നിർമ്മിച്ച് വരുന്നു. ടി കെട്ടിടത്തിൽ വാർഡുകൾ, കാഷ്വാലിറ്റി തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. നിലവിൽ ടി കെട്ടിടത്തിന്റെ സ്ട്രക്ചറൽ പണി പൂർത്തിയായിട്ടുണ്ട്. ആകെ 60% പ്രവൃത്തികൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. രണ്ട് പാർട്ട് ബില്ലുകളിലായി 34,68,927 രൂപ തിരുവനന്തപുരം നഗരസഭ നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ എഗ്രിമെന്റ് കാലാവധിക്കുള്ളിൽത്തന്നെ പ്രസ്തുത പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് തിരുവനന്തപുരം നഗരസഭ റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.<br><br>**(14-12-2011-ലെ യോഗത്തിൽ അംഗീകരിച്ചു.)** |
| 8 | 8 | എസ്.എ.ടി. ആശുപത്രിയിലെ ഇപ്പോഴത്തെ ബഡ്സ്ട്രെങ്ത് പതിറ്റാണ്ടുകൾക്കുമുമ്പ് നിശ്ചയിക്കപ്പെട്ടതാണ്. അതുപോലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ 1962-ൽ നിശ്ചയിച്ച പ്രകാരമാണ്. ബഡ്സ്ട്രെങ്ത് 1000 ആയി വർദ്ധിപ്പിക്കാനും സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പുനർ നിശ്ചയിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>**(2-7-2016-ലെ 16229/ഹ2/2009/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>8-ാം ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശിപാർശ പുതിയ മെറ്റേണിറ്റി ബ്ലോക്ക് വരുന്നതോടെ കിടക്കകളുടെ എണ്ണം കൂടുകയും നിലവിലുള്ളതിനേക്കാൾ സൗകര്യം |

| | | | |
|---|---|---|---|
| | | | ഉണ്ടാകുകയും ചെയ്യും. ആറ് നിലകളുടെ ശിപാർശയാണ് എൻ.ആർ.എച്ച്.എം.-ന് ഉള്ളത്. നിലവിൽ രണ്ട് നിലകൾ വന്നു കഴിഞ്ഞു. നാല് നിലകൾക്ക് കൂടിയുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അതുംകൂടി വന്നു കഴിഞ്ഞാൽ കിടക്കകളുടെ എണ്ണം പുനർ നിർണ്ണയം ചെയ്യുന്നതിനും അതനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുനർ നിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. <br><br> **(16-12-2016-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 9 | 9 | എസ്.എ.റ്റി. ആശുപത്രിയിലെ ഡോക്ടർമാരുടെ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും നഴ്സുമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും നിയന്ത്രണം ഹെൽത്ത് സർവീസസ് ഡയറക്ടർക്കുമാണ്. വളരെക്കാലമായി നിലനിൽക്കുന്ന ഈ ദ്വിതല നിയന്ത്രണ സംവിധാനം ആശുപത്രിയിലെ അച്ചടക്കത്തിന് വിഘാതമായിരിക്കുകയാണ്. അടിയന്തരമായി ഈ ദ്വിതല നിയന്ത്രണ സംവിധാനം ഒഴിവാക്കി എസ്.എ.റ്റി.യിലെ എല്ലാ ജീവനക്കാരെയും ഡി.എം.ഇ.യുടെ അധികാര പരിധിയിൻകീഴിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** <br><br> **(25-2-2014-ലെ 17152/കെ1/2008/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** <br><br> മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2009-ൽ ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവായി. ആ സമയത്ത് ഡി.എം.ഇ.യിലേക്ക് ഓപ്ഷൻ തരാത്ത നഴ്സുമാരും മറ്റു ജീവനക്കാരും അതിനുശേഷം ഘട്ടം ഘട്ടമായി ഡി.എച്ച്.എസ്-ലേക്ക് തിരിച്ചുപോവുകയുണ്ടായി. 2012 ജൂലൈ 20-ന്, ഡി.എം.ഇ.-ലേക്ക് ഓപ്ഷൻ തരാത്ത അവസാനത്തെ സ്റ്റാഫ് നഴ്സും, 2012 ഡിസംബർ 31-ന് അവസാനത്തെ നഴ്സിംഗ് അസിസ്റ്റന്റും ഡി.എച്ച്.എസി-ലേക്ക് തിരിച്ചു പോയി. ഇപ്പോൾ എസ്.എ.റ്റി. ആശുപത്രിയിലെ എല്ലാ ജീവനക്കാരും ഡി.എം. |

| | | | |
|---|---|---|---|
| | | | ഇ.യുടെ അധികാര പരിധിയിലാണ്. സമയത്ത് ഡി.എം.ഇ.-ലേക്ക് ഓപ്ഷൻ തരാതിരുന്ന ഡി.എച്ച്.എസ്. ജീവനക്കാരെ 31-12-2013-നുശേഷം ഡി.എം.ഇ. ജീവനക്കാരായി പരിഗണിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. **(30-12-2014-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)** |
| 10 | 10 | എസ്.എ.ടി. ആശുപത്രിക്ക് സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന അലോട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടേയും ഗുണനിലവാരം പലപ്പോഴും പരിതാപകരമാണ് എന്നാണ് മനസ്സിലാക്കുന്നത്. പല കമ്പനികളും അലോട്ട്മെന്റ് പ്രകാരം നൽകേണ്ട മരുന്ന് നൽകാതിരിക്കുന്ന സ്ഥിതി വിശേഷം പോലും അനുഭവപ്പെടുന്നതായി അറിയുന്നു. നിലവാരമുള്ള മരുന്നുകളും ഉപകരണങ്ങളും ആവശ്യാനുസരണം ആശുപത്രിക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതോടൊപ്പം മരുന്നു നൽകുന്നതിൽ വീഴ്ച വരുത്തുന്നതും ഗുണനിലവാരമില്ലാത്ത മരുന്നു നൽകുന്നതുമായ കമ്പനികൾക്ക് തുടർന്നുള്ള വർഷങ്ങളിൽ ഓർഡറുകൾ നൽകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** **(19-6-2008-ലെ 47833/ഇ1/2007/ആകവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോളർ ഉറപ്പു വരുത്തുന്നുണ്ട്. ഓരോ വർഷവും ടെൻഡർ സമർപ്പിക്കുന്നതോടൊപ്പം മരുന്നുകളുടെ സാമ്പിളുകളും കമ്പനികൾ സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ സമർപ്പിക്കുന്നു. തിരഞ്ഞെടുത്ത കമ്പനികൾ സമർപ്പിക്കുന്ന മരുന്നു സാമ്പിളുകൾ ഡ്രഗ്സ് കൺട്രോളർ അവരുടെ തന്നെ ലാബിലും അക്രഡിറ്റേഷൻ ലഭിച്ച മറ്റു ലാബുകളിലും പരിശോധിച്ച് ഗുണ നിലവാരം ഉറപ്പു വരുത്തിയതിനു ശേഷമാണ് അവസാനമായി കമ്പനികളെ മരുന്നു വിതരണത്തിനായി തിരഞ്ഞെടുക്കുന്നത് ഇതിനു പുറമെ കമ്പനികൾ മരുന്നുകൾ |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്ന സമയത്ത് അതത് ബാച്ചുകൾ അക്രഡിറ്റേഡ് ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരമുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നുണ്ട്. ഡ്രഗ്സ് കൺട്രോളർ സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ വിതരണം നടത്തുന്ന മരുന്നുകളുടെ സാമ്പിളുകൾ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം സെൻട്രൽ പർച്ചേസ് കമ്മിറ്റിയെ അറിയിക്കുന്നുണ്ട്. മരുന്നു നൽകുന്നതിൽ വീഴ്ച വരുത്തുന്നതും ഗുണനിലവാരം ഇല്ലാത്ത മരുന്നു നൽകുന്നതുമായ കമ്പനികൾക്ക് തുടർന്നുള്ള വർഷങ്ങളിൽ ഓർഡറുകൾ നൽകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു.<br><br>1-4-2008 മുതൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്തുന്നത്. മരുന്നു സംഭരണത്തിനും വിതരണത്തിനുമായി കോർപ്പറേഷൻ സ്ഥാപിച്ചതുമൂലം കാലതാമസം ഉണ്ടാകാതെ നോക്കാൻ കഴിയുന്നുണ്ട്. ആവശ്യമായ എല്ലാ മരുന്നുകൾക്കും അർഹിക്കുന്ന പ്രാധാന്യം കോർപ്പറേഷൻ നൽകുന്നു. ഹെൽത്ത് സർവ്വീസസ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും അംഗങ്ങളായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഹെൽത്ത് സർവ്വീസസ് ഡയറക്ടറും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | മരുന്നുകളുടെ അളവിൽ 3 മാസത്തെ ആവശ്യം കണക്കാക്കി നാല് ക്വാർട്ടറുകളിലായിട്ടാണ് മരുന്നുകൾക്ക് ഓർഡർ നൽകുന്നത്. മരുന്നു വാങ്ങലിലെ സുതാര്യതയും അവയുടെ ഗുണനിലവാരവും ഉറപ്പ് വരുത്താൻ കോർപ്പറേഷൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>**(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 11 | 11 | ദിനംപ്രതി ആയിരക്കണക്കിന് രോഗികളെത്തുന്ന എസ്.എ.ടി. ആശുപത്രിയുടെ ഭരണ നിർവ്വഹണം കൂടി നിക്ഷിപ്തമായിരിക്കുന്ന ആശുപത്രിയുടെ സൂപ്രണ്ടിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന ഓഫീസ് സൗകര്യങ്ങൾ പരിമിതമാണ്. ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ നിയമിച്ചിട്ടില്ലാത്തതിനാൽ ക്ലറിക്കൽ ജോലികൾകൂടി ഈ വലിയ ആശുപത്രിയുടെ സൂപ്രണ്ട് നിർവഹിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. കമ്പ്യൂട്ടർ സൗകര്യത്തോടെ കുറെക്കൂടി സ്ഥല സൗകര്യമുള്ള ഒരു ഓഫീസ് മുറി സൂപ്രണ്ടിന് ലഭ്യമാക്കേണ്ടതും ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ നിയമിച്ചു നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**<br>**(2-7-2016-ലെ 16229/പി2/2009/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>ശിപാർശ നടപ്പിലായിട്ടുണ്ട്.<br>**(16-12-2016-ലെ യോഗത്തിൽ അംഗീകരിച്ചു)** |

| | | | |
|---|---|---|---|
| 12 | 12 | എസ്.എ.റ്റി. ആശുപത്രി കാമ്പസിൽ നിർമ്മാണത്തിലിരിക്കുന്ന ഗോൾഡൻ ജൂബിലി ബ്ലോക്ക് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ള മൂന്നുനില കെട്ടിടം എന്നതിനുപകരം ആറു നിലയിൽ നിർമ്മിക്കുകയാണെങ്കിൽ ആശുപത്രിയിലെ സ്ഥല സൗകര്യങ്ങൾ കുറെക്കൂടി വർദ്ധിപ്പിക്കുന്നതിന് വളരെയധികം സഹായകരമായിരിക്കുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>**(25-2-2014-ലെ 17152/കെ1/2008/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>ഗോൾഡൻ ജൂബിലി ബ്ലോക്ക് സ്ഥിതി ചെയ്യുന്നത് പ്രിൻസിപ്പലിന്റെ അധികാര പരിധിയിലുള്ള സ്ഥലത്താണെങ്കിലും 3 നിലയിലുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത് എസ്.എ.റ്റി. ആശുപത്രി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ധനസഹായത്തോടെയാണ്. ഈ ബ്ലോക്കിൽ ഇനിയും 3 നിലകൾ കൂടി പണിയുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തേണ്ടതുണ്ട്.<br>**(30-12-2014-ലെ യോഗത്തിൽ അംഗീകരിച്ചു)** |
| 13 | 13 | എസ്.എ.റ്റി. ആശുപത്രിയിലെ ലേബർ വാർഡുകളിൽ പ്രസവിക്കാനെത്തുന്ന പാവപ്പെട്ട സ്ത്രീകളോട് പലപ്പോഴും ജീവനക്കാർ മനുഷ്യത്വ രഹിതമായി പെരുമാറുന്നു എന്ന പരാതികൾ വളരെ കാലമായി ഉയർന്നുവരുന്നതാണ്. ഈ പരാതികൾ മിക്കവയും യഥാർത്ഥവുമാണ്. പൂർണ്ണ ഗർഭിണികളായ സ്ത്രീകളോട് അനുകമ്പയോടുകൂടിയും സ്നേഹത്തോടെയും പെരുമാറാതിരിക്കുന്നത് തികഞ്ഞ സംസ്കാര രാഹിത്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സ്ഥിതി വിശേഷം യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല. ലേബർ വാർഡുകളിലും റൂമുകളിലും | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>**(7-9-2009-ലെ 43332/എം3/2008/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>പ്രസവ ശുശ്രൂഷയ്ക്ക് എത്തുന്ന സ്ത്രീകളോട് നല്ല പെരുമാറ്റം കാഴ്ചവയ്ക്കാൻ ജീവനക്കാരെ ഉദ്ബോധിപ്പിക്കുന്നതാണ് സമിതി ശുപാർശ. ആശുപത്രി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിലേക്കായി ആവശ്യം വേണ്ട ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.<br>**(11-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു)** |

| | | | |
|---|---|---|---|
| | | പ്രത്യേക ശ്രദ്ധ ലഭിക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുകയും ഗർഭിണി കളോട് നല്ല രീതിയിൽ പെരുമാറാൻ ഇവിടെ നിയോഗി ക്കുന്ന ജീവനക്കാർക്ക് ബോധവൽക്കരണം നടത്തു കയും ചെയ്യേണ്ടത് അനിവാര്യ മാണ്. സീനിയർ ഡോക്ടർ മാർക്ക് ഇക്കാര്യത്തിൽ മഹത്തായ ഒരു ചുമതലയാണ് നിർവഹിക്കാനുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. | |

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും*

*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2018 മാർച്ച് 21.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.